# കേരള സർവകലാശാല

നം. പി.ആർ.068/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി നൽകി

ജാസ്മിൻ സാറാ അലക്സാണ്ടർ (സോഷ്യൽ വർക്ക്), സുബാഷ് എസ്, റഹുമത്ത്.എസ് (ഹിസ്റ്ററി), ബേനസീർ. എച്ച്, സിമി ഏഞ്ചൽ.എ.വി, ആശാലത.ജെ, സിഞ്ചു.ബി, നിഷലക്ഷ്മി.പി (ഹിന്ദി), അസാദെ ബരാദി, ശാലിനി.സി.ആർ, കൃഷ്ണമൂർത്തി.കെ.എൻ, വിഷ്ണു.എസ് (കൊമേഴ്സ്), അമ്പിളി അശോക് (മാനേജ്മെന്റ് സ്റ്റഡീസ്), ടോം രാജ്.ടി.ജെ (ഫിസിക്കൽ എഡ്യൂക്കേഷൻ), കവിത.ബി.കെ, റേച്ചൽ ജോർജ് (ഇംഗ്ലീഷ്), അനിഷ് രാജൻ, ജയസുധ.എസ് (ഫിസിക്സ്), ദീപ്തി.ഡി.സി (ബയോടെക്നോളജി), സൗമ്യ.എസ്, സനൂപ്.എ.പി. (കെമിസ്ട്രി), ലക്ഷ്മി.ആർ.കെ (ബയോകെമിസ്ട്രി), പ്രദീപ്.ആർ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്), ഹരി കുമാർ.ആർ (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്), അനു. പി.അലക്സ്, ജയശ്രീ.എസ് (സിവിൽ എഞ്ചിനിയറിംഗ്), ജിജി.എസ്.ജി (ഒപ്റ്റോ ഇല്കട്രോണിക്സ്), ക്രിസ്റ്റോ രാജൻ, മേരി നിർമ്മല ബോർജിയ, റ്റി.സഹീല ദേവി, വൈശാഖ്.എസ് (സുവോളജി), പ്രജിത്ത്.റ്റി.എം, പ്രിയ ഗോപിനാഥ്.റ്റി, മരിയാ തെരേസ, മീനുകൃഷ്ണൻ.വി.ജി (ബോട്ടണി), ജോളി ജോൺ (ആർക്കിടെക്ച്ചർ), ജ്യോതിലാൽ.സി.എസ് (അക്വാട്ടിക് ബയോളജി & ഫിഷറീസ്), ശ്രീദേവി.എസ് (കമ്പ്യൂട്ടർ സയൻസ്), അനുഷ.എ (കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫർമാറ്റിക്സ്), ജിഷാ ജോൺ(കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്), ഷീന.എം.സലാം, അബ്ദുൾ മജീദ്.എ (അറബിക്), ഡോ.ഹരികുമാരൻ നായർ.ജി.എസ് (മെഡിസിൻ), അനുപമ.വി.കെ, ശീതൾ.വി.എസ് (മലയാളം), വിദ്യാ നായർ (പൊളിറ്റിക്കൽ സയൻസ്), അയിഷാ ബീവി.എം (സംസ്കൃതം), ജബിർ.ഇ (മെക്കാനിക്കൽ എൻജിനീയറിംഗ്) എന്നിവർക്ക് പി.എച്ച്.ഡി നൽകി.

## പരീക്ഷയ്ക്ക് മാറ്റമില്ല

മാർച്ച് 26-ന് തുടങ്ങാൻ നിശ്ചയിച്ചിരുന്ന സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് മാറ്റമില്ല.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## എം.എഡ് ഫലം

2017 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി എസ് എസ് ഏകവത്സര പ്രോഗ്രാം 2014 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് ടൈംടേബിൾ

ഏപ്രിൽ 25-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് ഡിഗ്രി (ദ്വിവത്സര പ്രോഗ്രാം - 2015 സ്കീം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 25 മുതൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി പരീക്ഷ

മേയ് 14-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾക്ക് മാർച്ച് 26 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴയില്ലാതെ ഏപ്രിൽ നാല്, 50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 125 രൂപ പിഴയോടെ ഏപ്രിൽ ഒൻപത് വരെയും ഫീസടച്ച് അപേക്ഷിക്കാം.

## എം.എ/എം.എസ്സി ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മ്യൂസിക്, എം.എസ്സി സൈക്കോളജി, എം.എസ്.ഡബ്ല്യൂ സോഷ്യൽ വർക്ക് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന ദേശീയ സെമിനാർ

“ഭാരതീയ ഭാഷാ സാങ്കേതിക വിദ്യ: അവസ്ഥയും സാധ്യതകളും” എന്ന വിഷയത്തിൽ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ടെക്നോളജി ആന്റ് റിസോഴ്സ് സെന്റർ ഫോർ മലയാളം സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ സമാപിച്ചു. കാര്യവട്ടം ക്യാമ്പസിൽ വച്ച് നടന്ന സെമിനാറിൽ ഐ.ടി, കമ്പ്യൂട്ടർ സയൻസ്, ലിങ്ഗ്വിസ്റ്റിക്സ് വിഷയ വിദഗ്ധരും ഗവേഷകരും പങ്കെടുത്തു. സെമിനാറിൽ ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തരായവരുടെ 35-ഓളം പേപ്പറുകൾ അവതരിപ്പിച്ചു. ഭാഷയിൽ യഥാസമയത്തിലുള്ള വിവരസാങ്കേതികയുടെ ഉപയോഗത്തിന്റെ അഭാവം ഭാഷാനാശത്തിന് കാരണമാകുമെന്ന് മുൻ കേരള സർവകലാശാല വൈസ്ചാൻസലറും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമായ ഡോ. ബി. ഇക്ബാൽ അഭിപ്രായപ്പെട്ടു. ഡോ. അച്യുത്ശങ്കർ എസ് നായർ മുഖ്യപ്രഭാഷണം നടത്തി. ടെക്നോളജി & റിസോഴ്സ് സെന്റർ ഫോർ മലയാളം ലാംഗ്വേജ് ഡയറക്ടർ ഡോ. എസ്. എ ഷാനവാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ മലയാളം സർവകലാശാല വൈസ്ചാൻസലർ പ്രൊഫ. അനിൽ വള്ളത്തോൾ, സി.ഐ.ഐ.എൽ മുൻ പ്രിൻസിപ്പാൾ പ്രൊഫ. വി.ശരത്ചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു. രജിസ്ട്രാർ ഡോ. ആർ ജയചന്ദ്രൻ ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ സി.ഡിറ്റ് ഭാഷാ സാങ്കേതികവിദ്യ തലവൻ ഗോവിന്ദാരു സംസാരിച്ചു. ഡോ. മുഹമ്മദ് നൂറുൾ മുബാറക് നന്ദിയും പ്രകാശിപ്പിച്ചു.

## എം.എസ്സി ഫലം

2017 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന ശിൽപശാല

കേരള സർവകലാശാല ഭാഷാശാസ്ത്ര വിഭാഗവും കേരള പോലീസ് ട്രെയിനിംഗ് കോളേജും സംയുക്തമായി കുറ്റാന്വേഷണ ഭാഷാ ശാസ്ത്രം എന്ന വിഷ

യത്തിൽ മാർച്ച് 26, 27, 28 തീയതികളിൽ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ത്രിദിന ശിൽപശാല സംഘടിപ്പിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

തിരുവനന്തപുരം.
24.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098